**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3253** 04.05.2017-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ ഇടപാടുകൾക്ക് ആധാർ**

| | ചോദ്യം<br>ശ്രീ.ഡി.കെ.മുരളി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ ഇടപാടുകൾക്ക് ആധാർ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | ആധാർ നിർബന്ധമാക്കിയിട്ടില്ല. കെ.എസ്.എഫ്.ഇ. യിൽ ഈയിടെ നടന്ന സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവത്ക്കരണത്തിന്റെ ഭാഗമായി ഇടപാടുകാരുടെ വിശദവിവരങ്ങൾ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നതിനും ഇടപാടുകൾ സുഗമമാക്കുന്നതിനും വേണ്ടി ഇടപാടുകാരുടെ ആധാർ നമ്പർ ശേഖരിക്കാൻ കെ.എസ്.എഫ്.ഇ ശാഖകൾക്ക് നിർദ്ദേശം നൽകിയിരുന്നു. സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവത്ക്കരണത്തിന്റെ ഭാഗമായി വിവിധ ശാഖകളിലെ ഇടപാടുകാരുടെ രജിസ്റ്റർ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നത് വഴി അവർക്ക് കെ.എസ്.എഫ്.ഇ. ഇടപാടുകൾ വേഗത്തിലും സുഗമമായും നടപ്പിലാക്കാവുന്നതാണ്. കൂടാതെ ഭാവിയിൽ e-kyc യും 'സിബിൽ' പോലുള്ള സംവിധാനങ്ങളും പ്രയോജനപ്പെടുത്തുന്നതിനും ആധാർ നമ്പറുകൾ നൽകുക വഴി ഇടപാടുകാർക്ക് കഴിയുന്നതാണ്. നിലവിൽ റിസർവ് ബാങ്കിന്റെ നിയമ പ്രകാരം e-kyc സംവിധാനം പ്രയോജനപ്പെടുത്താൻ ആധാർ നമ്പറുകൾ വഴി മാത്രമേ സാധ്യമാകൂ. |
| (ബി) | സർക്കാരുമായി ബന്ധപ്പെടുന്ന വിവിധ ആവശ്യങ്ങൾക്കായി ആധാർ നിർബന്ധമാക്കുന്നതുമായി ബന്ധപ്പെട്ട് നിലപാട് വ്യക്തമാക്കുമോ? | (ബി) | സർക്കാരുമായി ബന്ധപ്പെടുന്ന വിവിധ ആവശ്യങ്ങൾക്കായി ആധാർ നിർബന്ധമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**